**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **07-02-2023 - ൽ മറുപടിയ്ക്ക്**

**പ്രകൃതിദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രകൃതിദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സജ്ജ എന്നപേരിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ജനങ്ങളെ ദുരന്ത നിവാരണത്തിൽ അറിവുള്ളവരാക്കി അതിലൂടെ ദുരന്ത പ്രതികരണ ശേഷി ഉള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച ദുരന്ത സാക്ഷരതാ പരിപാടിയാണ് സജ്ജം. ഇതിലൂടെ വിവിധ പൊതുജന ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |
| (ബി) | ദുരന്ത ലഘൂകരണത്തിലൂടെ ദുരന്ത നിവാരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി അത് കൂടുതൽ കുട്ടികൾക്ക് പ്രേരണയാകത്തക്കവിധം വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ദുരന്ത നിവാരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് ആവശ്യമായ ശ്രമം നടത്തുമോ; | (ബി) | ദുരന്ത ലഘൂകരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുവാനുള്ള ശ്രമങ്ങൾ 2018-19 വർഷം മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. സ്കൂൾ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിലെ DIET, SCERT, SIEMAT എന്നിവയുടെ സഹകരണത്തോടെ വിവിധ പരിശീലനപരിപാടികൾ ജില്ലകളിൽ നടത്തിയിട്ടുണ്ട്.<br><br>യൂണിസെഫ്, നിംഹാൻസ് ബാംഗ്ലൂർ എന്നിവയുമായി ചേർന്ന് എസ്.സി.ഇ.ആർ.ടി. പ്രളയ ദുരന്തം ബാധിച്ച ജില്ലകളിലെല്ലാം റിക്രിയേഷണൽ കൗൺസലിംഗ് പരിപാടി സംഘടിപ്പിച്ചു. അയ്യായിരത്തോളം അധ്യാപകർക്ക് പരിശീലനം നൽകി. തുടർന്ന് പാഠഭാഗങ്ങളിൽ DRR(Disaster Risk Reduction) ആശയങ്ങൾ എങ്ങനെ ഉൾച്ചേർക്കാമെന്ന് ആലോചിക്കുന്നതിനായി ശിൽപശാലകൾ സംഘടിപ്പിച്ചു. ദേശീയ തലത്തിലുള്ള വിദഗ്ധരുടെ മേൽനോട്ടത്തിൽ നടത്തിയ ശിൽപശാലകളുടെ ഭാഗമായി ഒന്ന് മുതൽ 12 ക്ലാസുകളിലെ വിവിധ വിഷയങ്ങളിൽ എവിടെയെല്ലാം ഏതെല്ലാം ദുരന്ത അപായ ലഘൂകരണ ആശയങ്ങൾ ഉൾപ്പെടുത്താമെന്ന ആശയപടം വികസിപ്പിച്ചു. തുടർന്ന് 8. 9, 10 |

| | | | |
|---|---|---|---|
| | | | ക്ലാസുകളിലെ പുസ്തകങ്ങളിൽ ഈ ആശയപടം ഉൾക്കൊള്ളിക്കുന്ന പ്രവർത്തനവും നടന്നു. 2020 മുതൽ ഹൈസ്കൂൾ ക്ലാസുകളിൽ ദുരന്ത ലഘുകരണ ആശയങ്ങൾ കൂടി ഉൾച്ചേർത്ത പുസ്തകങ്ങളാണ് വിനിമയം ചെയ്ത് വരുന്നത്. ദുരന്ത ലഘൂകരണത്തിലൂടെ ദുരന്തനിവാരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കുട്ടികൾക്ക് പ്രേരണയാകത്തക്കവിധം ഈ പാഠ്യപദ്ധതി പരിഷ്കരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സ്കൂൾ സുരക്ഷാസംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ള കൂടിയാലോചനാസമിതിയിൽ അതുമായി ബന്ധപ്പെട്ടുള്ള മാർഗനിർദേശകരേഖ തയ്യാറാക്കുന്നതും പഠനപദ്ധതിയുടെ ഭാഗമായി ദുരന്ത ലഘൂകരണവും മുന്നറിയിപ്പുകളും കുട്ടികളിലേക്ക് എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ചർച്ച ചെയ്ത് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | കാലാവസ്ഥയുമായി ബന്ധപ്പെട്ട ആഘാതങ്ങൾ ഏറിവരുന്ന പശ്ചാത്തലത്തിൽ വിദ്യാർത്ഥികളിൽ ദുരന്ത നിവാരണ പ്രതിരോധ അവബോധം സൃഷ്ടിക്കുന്നതിനും സ്കൂൾ സുരക്ഷാ പ്ലാനുകൾ തയ്യാറാക്കുന്നതിനുമായി യുനിസെഫിന്റെ സഹായത്തോടെ സ്കൂൾ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (സി) | ഉണ്ട്. എല്ലാ സ്കൂളുകളിലും സ്കൂൾ സുരക്ഷാപ്ലാനുകൾ അഥവാ സ്കൂൾ ദുരന്തനിവാരണപ്ലാനുകൾ കുട്ടികളുടെയും അധ്യാപക-അനധ്യാപക-രക്ഷാകർത്തൃ സമിതിയുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കുക, അവ നടപ്പിലാക്കുക എന്നത് ഒരു പ്രധാനപ്രവർത്തനമാണ്. ഈ സുരക്ഷാ പദ്ധതി രേഖ തയാറാക്കുന്നതിൽ അധ്യാപകരെ സഹായിക്കുക, വിവിധ ദുരന്തങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെയാണ് 'ഉസ്കൂൾ' ആപ്പ് രൂപീകരിച്ചിരിക്കുന്നത്.<br><br>ഈ ആപ്പിൽ സ്കൂളുകളെക്കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ, സ്കൂളുകളിലെ വിവിധ അപകടസാധ്യതകളുടെ വിവരണം, സ്കൂൾ സുരക്ഷാസമിതി അംഗങ്ങളുടെ വിവരങ്ങൾ, സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, അടിയന്തിരസാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ടവരുടെ ഫോൺ നമ്പറുകൾ തുടങ്ങിയവയെല്ലാം രേഖപ്പെടുത്തി സുരക്ഷാപ്ലാനുകൾ തയ്യാറാക്കാവുന്നതാണ്.<br><br>'ഉസ്കൂൾ' ആപ്പുമായി ബന്ധപ്പെട്ട തുടർപരിശീലനങ്ങളുടെയും തുടർപ്രവർത്തനങ്ങളുടെയും രൂപരേഖ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ